(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒല്ലൂർ നിയോജക മണ്ഡലത്തിൽ പട്ടയം നൽകിയതിന്റെ കണക്ക് വില്ലേജ് തിരിച്ച് ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	വില്ലേജിന്റെ പേര്	പുറമ്പോക്ക്	വനഭൂമി	ആകെ
1	പാണഞ്ചേരി	11	2	13
2	ഹിച്ചി	8	8	16
3	കൊഴുക്കുള്ളി	2	...	2
4	മാടക്കത്തറ	1	3	4
5	പുത്തൂർ	3	...	3
6	മാന്ദാമംഗലം	...	8	8
	ആകെ	25	21	46

(സി) 1-1-1997-ന് മുമ്പ് വനഭൂമി കൈവശം വച്ചിട്ടുള്ള കർഷകർക്ക് പട്ടയം നൽകുന്നതിന് വന സംരക്ഷണ നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് കേന്ദ്രാനുമതി നേടേണ്ടതുണ്ട്. ആയതിന്റെ മുന്നോടിയായി വനം, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ സംയുക്ത പരിശോധന നടത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. പുറമ്പോക്ക്, റവന്യൂ പട്ടയങ്ങൾക്കുള്ള അപേക്ഷകൾ പരിശോധിച്ച് 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ഡി) അർഹതയുള്ള മുഴുവൻ അപേക്ഷകർക്കും പട്ടയം നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം ഈസ്റ്റ് മണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനായുള്ള അപേക്ഷകൾ

152(851) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഈസ്റ്റ് മണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ പരിഗണനയിൽ ഉണ്ട് ;

(ബി) പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(സി) എന്നത്തേക്ക് ഇവ വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 205 അപേക്ഷകൾ.

(ബി&സി) തിരുമല വില്ലേജിലെ അംബേദ്കർ കോളനിയിലേയും തൈക്കാട് വില്ലേജിലേയും അപേക്ഷകൾ പതിവ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഇവ വിതരണം ചെയ്യുന്നതാണ്. തിരുമല വില്ലേജിലെ ആലുംതറകുളം പുറമ്പോക്കിൽപ്പെട്ട 8 അപേക്ഷകളും, ശാസ്തമംഗലം വില്ലേജിലെ കോരകുളം പുറമ്പോക്കിൽപ്പെട്ട 15 അപേക്ഷകളും, മണക്കാട് വില്ലേജിലെ 83 അപേക്ഷകളും ഉൾപ്പെടെ ബാക്കിവരുന്ന അപേക്ഷകൾ പതിവിനായുള്ള വിവിധ ഘട്ടങ്ങളിലുള്ളതും, പതിവ് നിയമപ്രകാരമുള്ള നിയമാനുസൃത നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നവയുമാണ്.

റവന്യൂ കാർഡ് നിയമവും കിസാൻ പാസ്ബുക്ക് നിയമവും നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ

153(854) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ കാർഡ് നിയമവും കിസാൻ പാസ്ബുക്ക് നിയമവും നടപ്പാക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ :

(ബി) ഈ നിയമങ്ങൾ നടപ്പാക്കുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ :

(ഡി) ഈ നിയമങ്ങളുടെ കീഴിൽ എന്തെല്ലാം ചട്ടങ്ങൾ നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടുണ്ട് ;

(ഇ) ഇനി എന്തെല്ലാം ചട്ടങ്ങൾ ഉണ്ടാക്കാനുണ്ട് :

(എഫ്) ഈ ചട്ടങ്ങൾ തയ്യാറാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് റവന്യൂ കാർഡ് നിയമവും കേരള കിസാൻ പാസ്സ് ബുക്ക് നിയമവും നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു.

(ബി–എഫ്) സംസ്ഥാനത്തെ ഭൂരേഖകൾ സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചാൽ മാത്രമേ ഈ നിയമം ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുകയുള്ളൂ. അതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. അതു പൂർണ്ണമാകുന്ന മുറയ്ക്ക് ചട്ടങ്ങൾ പ്രസിദ്ധീകരിച്ച് നിയമം പ്രാബല്യത്തിൽ കൊണ്ടുവരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly